ADJOURNMENT MOTIONS

Mr. Speaker: Order, order.

I have recieved a notice under Rule 49 from Shri. P. Balachandra Menon regarding the working of the Siruvani g.oup estates. Nothing urgent is stated to have happened to warrant the moving of
9 A. M.] an adjournment motion. Anyway I will refer the matter to the concerned Minister for necessary action.

Shri. P Balachandra Menon: Sir, about 400 workers are without job for the last four months and they are starving.

Mr. Speaker: Order, order. That will be enquired into by the Government.

I have also received another notice under Rule 49 from Shri T. K. Ramakishnan regarding the workers in the Malaria eradication programme. This is a matter which has been discussed during thig meeting on more than one occasion. Several questions have been answered here. Hence there is no need to move for an adjonrnment motion on this subject. I will refer the matter to the Government for necessary action.

Shri. E. P. Gopalan: Sir, This is a very urgent matter. They wil1 be no where, if they are discharged.

Shri M. P. Govindan Nair: 1 will answer that in detail, when the Demand on 'Medical' comes up for discussion.

CALLING ATTENTION UNDER RULE 61

Acquisition of land for the Government Multipurpose School at Kulathoor in Neyyattinkara

Mr. Speaker: 1 have received a notice under Rule 6 1 from Shri. P. Narayanan Thampi. I call upon the hon. Member to make a statement.

ശ്രീ. പി. നാരായണൻതമ്പി ; സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ അടിയന്തിരമായ ഒരു കാര്യത്തിലേക്ക് ക്ഷണിക്കാൻ വേണ്ടിയാണ് ഞാൻ റൂം 61 പ്രകാരം ഉദ്ദേശിക്കുന്നത്. നെയ്യാറിൻകര എഡ്യൂക്കേഷൻ സബ്ഡിവിഷനിൽപ്പെട്ട കുളത്തൂർ ഗവണ്മെന്റ് ഹൈസ്കൂളിനെ അഗ്രികൾച്ചർ മെയിൻ സബ്ജക്റ്റിൽ ഒരു മാതൃകാ പർപ്പസ് ഹൈസ്കൂളായി മാറ്റികൊണ്ട് പ്രത്യേകം ചില കോഴ്സുകൾ ഏർപ്പെടുത്തി അവിടെ അദ്ധ്യയനം ആരംഭിക്കുന്നതിനവേണ്ടി 15-10-1956-ൽ ഗവണ്മെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഉത്തരവുണ്ടാകുകയും അതിലേക്കാവശ്യമുള്ള Fruit & vegetable gardens, cattle sheds, soil testing & demonstration plots, practical field ഇവയെല്ലാം ഉൾപ്പെടുത്തി തുടങ്ങുന്നതിനുവേണ്ടി പതിനേഴേമുക്കാൽ ഏക്കർ സ്ഥലം ഗവണ്മെൻറിൽനിന്നും അക്വിസിഷൻ പ്രൊസീഡിംഗ്സ് ആരംഭിക്കുകയും അതിന് പ്രാരംഭമായി പല നോട്ടിഫിക്കേഷൻ നടത്തുകയും ചെയ്യുകയുണ്ടായി. ഈ പദ്ധതി നടത്താൻ പോകുന്നു എന്നുള്ള ഭയംകൊണ്ടോ ണോയെന്നറിഞ്ഞുകൂടാ അവിടെയുള്ള ചിലയാളുകളും പല അവസരങ്ങളിൽ പെറ്റീഷനുകളും ഗവണ്മെൻറിലേക്ക് കൊടുക്കയും, ആ പദ്ധതിയുടെ പ്രവർത്തനത്തിന് തടസ്സം ഉണ്ടാക്കുകയും അവസാനമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 1963 ഓ. പി. 24039 ആയിട്ട് ഒരു റിട്ട് പെറ്റീഷൻ കൊടുക്കുകയും ചെയ്തു. ആ റിട്ട് പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി വാദം കേട്ടതിനുശേഷം ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള അക്വിസിഷൻ പ്രൊസീഡിംഗ്സ് ശരിയാണെന്നും, അതു തടസ്സപ്പെടുത്തേണ്ട ആവശ്യമില്ലെന്നു ഉത്തരവുണ്ടായി. ആ മാസ്റ്റർ പർപ്പസ് സ്കൂൾ അനുവദിച്ചതോടുകൂടി ഇക്കാര്യങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള ആവശ്യത്തിലേക്ക് ഗവണ്മെൻറിൽ നിന്നും പതിനായിരം രൂപയുടെ ഉപകരണങ്ങൾ 1957-ൽ നൽകുകയും, ആ ഉപകരണങ്ങൾ ആ സ്കൂളിലെ പല മുറികളിലുമായി സൂക്ഷിക്കുകയും ചെയ്തിരിക്കുകയാണ്. നല്ല ഉദ്ദേശത്തോടുകൂടി ആരംഭിച്ചിട്ടുള്ള ആ പദ്ധതി ഇത്രയും കാലമായിട്ടും ആവശ്യമുള്ള പണികൾ ആരംഭിക്കുകയോ, ഈ വർഷാവസാനത്തോടുകൂടി ആവശ്യമുള്ള നടപടികൾ എടുക്കുകയോ ചെയ്യാത്തതുകൊണ്ടും അവിടെനിന്നും മാറാൻ പോകുന്നുവെന്നോ, അതു ഇല്ലാതാക്കാൻ പോകുന്നുവെന്നോ പറഞ്ഞുകേട്ടിരിക്കുകയാണ്. 1964 ജനുവരി 31-ാം തീയതി നോട്ടിഫിക്കേഷൻ അനുസരിച്ച് പതിനേഴേമുക്കാൽ ഏക്കർ സ്ഥലവും റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നു എടുത്തു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെ ഏൽപിക്കാൻ വച്ചിരുന്നപ്പോൾ, അതു കൊടുക്കാതിരിക്കാൻ റവന്യൂമന്ത്രിയിൽനിന്നും ഒരു സ്റ്റേ ഉണ്ടായി. അവസാനതീരുമാനം ഉണ്ടായ ഇക്കാര്യത്തിൽ എങ്ങനെയാണ് സ്റ്റേഉണ്ടായതെന്നെല്ലാംപറയാതിരിക്കുകയാണ് ഭേദം. 1956-ൽ ആരംഭിക്കാൻ തീരുമാനിച്ചിരുന്ന ഈ പദ്ധതിക്കു കേന്ദ്രഗവണ്മെൻറിൽനിന്നും സഹായം കിട്ടാനുള്ള സാദ്ധ്യതയുണ്ടെന്നാണ് അറിയുന്നതു. പല പല തടസ്സങ്ങൾ ഉന്നയിച്ചു ഉന്നയിച്ചു ആ പദ്ധതി ഇതുവരെയും ആരംഭിക്കാൻ സാധിക്കാതിരിക്കുകയാണ്. ഇതുപോലെ നല്ല നല്ല സ്കീമുകളും നമ്മുടെ രാജ്യത്തു ആരംഭിക്കാനുള്ള നടപടികളും എടുത്താലും അവയെല്ലാം നടപ്പിലാക്കുന്നതിനു കൂടുതൽ കാലതാമസം ഉണ്ടാക്കാൻ വീണ്ടും വീണ്ടും സ്റ്റേ നൽകുന്ന ഒരു പ്രവണത അവസാനിപ്പിക്കേണ്ടതാണ്. അത്തരത്തിലുള്ള കേസ്സുകളിൽ ഇതൊരു സ്പെഷ്യൽ കേസ്സായിട്ടു ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നമ്മുടെ സ്റ്റോറിൽ ഇത്തരത്തിലുള്ള പല സംവേങ്ങളും ഉണ്ടാകുന്നുണ്ട്. ഈ പദ്ധതി ഏറ്റവും വേഗം നടപ്പിലാക്കുന്ന കാര്യത്തിൽ ഗവണ്മെൻറിന്റെ അടിയന്തിരശ്രദ്ധ പതിയണമെന്നു ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു. അവസാനം സ്റ്റേ കൊടുത്തതിനു കാരണം പറയുന്നതു ഈ പതിനേഴേമുക്കാൽ ഏക്കർ സ്ഥലത്തിനുള്ളിൽ പത്തു

LIBRARY ARCHIVES Kerala Legislative Assembly

പതിനെട്ട് കുടുംബങ്ങളാണ് ഉണ്ടെന്നും അവരെ അവിടെനിന്നും മാറ്റുന്നതു് ശരിയല്ലെന്നുമാണു്. അവർ തന്നെയാണു് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പെറ്റീഷൻ കൊടുത്തിട്ടുള്ളതെന്നും അറിയുന്നു. അവിടെനിന്നും ഒഴിപ്പിക്കപ്പെടുന്നവരെ സഹകരിയ്മായി കൂടി പരിപ്പിക്കുന്നതിനു് പ്രത്യേകമായി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികളും എടുത്തിട്ടുള്ളതായും അറിയുന്നു. എനിക്കു് പറയുവാനുള്ളതു് എത്രയോ ആയിരം രൂപയുടെ ഉപകരണങ്ങളും ഇതിന്റെ ആവശ്യത്തിനുവേണ്ടി വാങ്ങിയിട്ടുള്ളതു് ആ സ്ഥലത്തിൽ കിടന്നു് നശിക്കുകയാണെന്നും, ഇതിലേക്കു് വേണ്ടി കുറെ കെട്ടിടങ്ങളും കെട്ടുകയും ചെയ്തിട്ടുണ്ടു് എന്നുമാണു്. അതുകൊണ്ടു് ഇനി ആവശ്യമായ പണികളുംകൂടി പൂർത്തിയാക്കി കഴിയുന്നതും വേഗം ആ പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള ഉത്തരവു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി കൊടുക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

Shri. R. Sanker: Sir, I will give a reply on Thursday.

Damage by fire to houses of fisherfolk at Ponnani—Reply

Mr. Speaker : A reply is due from the hon. Minister for Harijan Welfare to an earlier Rule 61 notice of Shri V. P. C. Thangal. I call upon the hon. Minister to give the reply.

ശ്രീ. കെ. കുഞ്ഞമ്പു: സർ, ഇന്നലെ ശ്രീ.വി.പി.സി.തങ്ങൾ പൊന്നാനിയിലുണ്ടായ അഗ്നിബാധയെസംബന്ധിച്ചു് ഒരു പ്രശ്നം റൂൾ 61 പ്രകാരം ഉന്നയിക്കുകയുണ്ടായി. ഈ കഴിഞ്ഞ 13—ാം തീയതി കാലത്തു് അവിടെയുള്ള എട്ടു് വീടുകൾ തീകത്തി നശിക്കുകയുണ്ടായി. അതിൽ ഏഴു വീടുകൾ ഓലകൊണ്ടുള്ള ചെറുകുടിലുകൾ ആയിരുന്നു. അതിൽ ഒരു വീടു് കല്ലുകൊണ്ടു് കെട്ടിയിട്ടുള്ളതു് മേൽപ്പുര ഓലമേഞ്ഞതാണു്. കൂടാതെ പന്ത്രണ്ടു നല്ല തെങ്ങുകൾ കത്തി നശിച്ചു പോയിട്ടുണ്ടു്. അതിനും പുറമേ ഒരു ആട്ടും ഒരു കോഴിയും തീയിൽ വെന്തു നശിച്ചുപോകുകയുണ്ടായി. ആളപായം ഒന്നും ഉണ്ടായില്ല. ആകപ്പാടെ 4053 രൂപയുടെ നഷ്ടമാണു് അവിടെ ഉണ്ടായിട്ടുള്ളതു്. സാധാരണഗതിയിൽ പൊന്നാനിയിൽ തീപിടുത്തം ഉണ്ടാകുകയും അവിടെയുള്ളപാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടുകൾ കത്തിനശിക്കുകയും ചെയ്യുന്നതു് ഒരു സംഭവമായി തീർന്നിരിക്കുകയാണു്. അവിടെ തീപിടുത്തം ഉണ്ടായാൽ, തീകെടുത്തുന്നതിനു് ആവശ്യമായ വാഹനങ്ങളോ മറ്റുവിധത്തിലുള്ള സാധന സാമഗ്രികളോ അവിടെയില്ല. ഇക്കൊല്ലം തന്നെ അവിടെ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടു്. ഏപ്രിൽ മാസത്തോടുകൂടി അതിന്റെ പ്രവ

LIBRARY ARCHIVES Kerala Legislative Assembly